**66 (384) സിറ്റി ഫാസ്റ്റുകളും ഓർഡിനറികളും തമ്മിലുള്ള വ്യത്യാസം**

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ സർവ്വീസ് നടത്തുന്ന സിറ്റി ഫാസ്റ്റുകളും ഓർഡിനറികളും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുമോ;

(ബി) സിറ്റി ഫാസ്റ്റുകൾ മിക്കവാറും എല്ലാ സ്റ്റോപ്പുകളിലും നിർത്തി ഓർഡിനറി സർവ്വീസിനോടൊപ്പം സർവ്വീസ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സാധാരണ ബസ്സുകളിലെപ്പോലെ സിറ്റി ഫാസ്റ്റുകൾക്കും ചാർജ് ഈടാക്കുന്നതിനും ഓടിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) തിരക്കേറിയ നഗര വീഥികളിൽ ഫാസ്റ്റ് സർവ്വീസ് നടത്തുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് ഇക്കാര്യം ഉടനടി നടപ്പിൽ വരുത്തുമോ?

ഉത്തരം

(എ) സിറ്റി ഫാസ്റ്റ് സർവ്വീസുകൾക്ക് ഓർഡിനറി സിറ്റി സർവ്വീസുകൾക്കുള്ളതിനേക്കാൾ കുറച്ചു സ്റ്റോപ്പുകൾ മാത്രമേയുള്ളൂ. അതുകാരണം സാധാരണ സിറ്റി സർവ്വീസുകളുടെതിനേക്കാൾ കുറഞ്ഞ സമയം കൊണ്ട് യാത്രക്കാർക്ക് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ സാധിക്കും. ഈ സൗകര്യം ഉപയോഗിക്കുന്നതിനാൽ സാധാരണ സിറ്റി സർവ്വീസ് ചാർജിനേക്കാൾ കൂടിയ ചാർജ് ഈടാക്കേണ്ടി വരുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സിറ്റി ഫാസ്റ്റ് സർവ്വീസ് നിറുത്തലാക്കാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നില്ല.

**67 (385) കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് സർവ്വീസുകൾ**

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് ഡിപ്പോയിൽ വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതിൽ ഏതെല്ലാം സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) ഇനി എത്രയെണ്ണം പുനരാരംഭിക്കുവാനുണ്ട്; ഇവ എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നും തന്നെ പുനരാരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബസ്സുകളുടെ അപര്യാപ്തത നിലനിൽക്കുന്നതിനാൽ പൂർണ്ണമായും ദേശവൽകൃത മേഖലയിലെ സർവ്വീസുകൾക്കും, വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകൾക്കും മുൻഗണന നൽകിയാണ് കെ.എസ്.ആർ.ടി.സി. പ്രവർത്തിക്കുന്നത്. ബസ്സുകളുടെ ലഭ്യത മെച്ചപ്പെട്ടാൽ മാത്രമേ വെട്ടിക്കുറച്ച സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**68 (386) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സീറ്റു സംവരണം**

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ എത്ര ശതമാനം സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട് എന്നത് ബസ്സുകളുടെ ഇനം തിരിച്ചു വ്യക്തമാക്കുമോ;

(ബി) ഈ സീറ്റുകളിൽ പുരുഷന്മാർക്ക് റിസർവേഷൻ കൂപ്പൺ കൊടുക്കാറുണ്ടോ;

(സി) കണ്ടക്ടറുടെ സീറ്റിന് നേരെയുള്ള ഒരു സീറ്റൊഴികെ മറ്റു സീറ്റുകളൊന്നും സ്ത്രീകൾക്ക് പലപ്പോഴും കൊടുക്കാറില്ലെന്ന കാര്യവും ചില കണ്ടക്ടർമാർ മൂന്നുപേർക്കിരിക്കാവുന്ന ഒരു സീറ്റു മാത്രമേ സ്ത്രീകൾക്കുള്ളതെന്ന വ്യാഖ്യാനം തർക്കമുണ്ടാകുമ്പോൾ നൽകുന്ന വിവരം സർക്കാരിനറിവുണ്ടോ;

(ഡി) എങ്കിൽ ഈ പോരായ്മകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. സിറ്റി, ഓർഡിനറി, ഫ്രസ്വദൂര ഫാസ്റ്റ് എന്നീ സർവ്വീസുകളിൽ 25 % സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

2. ദീർഘദൂര ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ സർവ്വീസുകളിൽ മുൻഗണനാ ക്രമത്തിൽ സ്ത്രീകൾക്ക് 25% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഇത് സർവ്വീസ് തുടങ്ങുന്ന സ്ഥലത്ത് സ്ത്രീകൾ ഉണ്ടെങ്കിൽ അവർക്ക് മാത്രമായി നൽകേണ്ടതും 25% സ്ത്രീ യാത്രക്കാർ ഇല്ലെങ്കിൽ പുരുഷന്മാർക്ക് ആ സീറ്റുകൾ നൽകുന്നതുമാണ്. ഇതിനുപുറമെ കണ്ടക്ടറുടെ സീറ്റിന് സമാന്തരമായി വലതുവശത്ത് മൂന്നുപേർക്കിരിക്കാവുന്ന സീറ്റ് ഏതവസരത്തിലും സ്ത്രീകൾക്ക് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) സർവ്വീസ് തുടങ്ങുന്ന സ്ഥലത്ത് നിന്നാണ് റിസർവേഷൻ കൂപ്പൺ കൊടുക്കുന്നത്. സ്ത്രീകൾ ഉണ്ടെങ്കിൽ അവർക്ക് 25% സീറ്റുകളിലേക്ക് കൂപ്പൺ കൊടുക്കാറുണ്ട്. ആവശ്യത്തിന് സ്ത്രീകൾ ഇല്ലെങ്കിൽ ടി സീറ്റുകളിലേക്ക് പുരുഷന്മാർക്ക് കൂപ്പൺ കൊടുക്കാറുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly